**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5198** **12-08-2021 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ ഡ്രൈവർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ; | (എ) | എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ധനവകുപ്പിൽ ലഭിച്ച 25 ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിലുള്ള ഫയലിൽ അഭിപ്രായം രേഖപ്പെടുത്തി നികുതി വകുപ്പിന് മടക്കി നൽകിയിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ കഴിയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. |
| (ബി) | ഏകദേശം എഴുനൂറ്റി അമ്പത്തിയഞ്ചോളം വാഹനങ്ങളുള്ള എക്സൈസ് വകുപ്പിൽ നിലവിൽ ഇരുനൂറ്റി എഴുപത്തിയേഴ് ഡ്രൈവർ തസ്തികകൾ മാത്രമേ ഉള്ളൂ എന്നതിനാൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള ഫയൽ അനുഭാവപൂർവ്വം പരിഗണിക്കുമോ; വിശദമാക്കാമോ? | (ബി) | എക്സൈസ് വകുപ്പിലെ ഏകദേശം 755 ഓളം വാഹനങ്ങളിൽ 388 എണ്ണം ഇരുചക്ര വാഹനങ്ങളാണ്. ആയതിനാൽ പ്രസ്തുത വാഹനങ്ങൾക്ക് ഡ്രൈവർ തസ്തിക ആവശ്യമില്ല. എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്ന വിഷയം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പരിശോധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ